**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 157** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുവിതരണ മേഖല മെച്ചപ്പെടുത്തുന്നതിന് നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നാട്ടകം സുരേഷ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പൊതുവിതരണരംഗം അഴിമതി മുക്തമാക്കി സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** പൊതുവിതരണ സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (e-POS) ഉപകരണങ്ങൾ സ്ഥാപിച്ച് ആധാർ അധിഷ്ഠിത റേഷൻ വിതരണ സംവിധാനം നടപ്പിലാക്കി റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുകയും റേഷൻ വിതരണം ഡിജിറ്റലൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.റേഷൻ വിതരണത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഇ-പോസ് മെഷിനുകളുമായി ഇലക്ട്രോണിക് വെയിംഗ് സ്കെയിൽ ബന്ധിപ്പിക്കുന്ന പദ്ധതി പുരോഗമിക്കുകയാണ്. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ/ സി.എം.ആർ മില്ലുകളിൽ നിന്ന് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേക്കും അവിടെ നിന്ന് വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലേക്കും എത്തിക്കുന്ന വാഹനങ്ങളുടെ ഗതാഗതം ജി.പി.എസ് അധിഷ്ഠിതമായ വി.എൽ.ടി.എസ് സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നതിന്റെ ഒന്നാം ഘട്ടം C-DAC മായി ചേർന്ന് പൂർത്തികരിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനത്തെ എസ്.സി.എം.എസ് സോഫ്റ്റ്‌വെയറുമായും കേന്ദ്രസർക്കാരിന്റെ അന്നചക്ര പ്ലാറ്റ്ഫോമുമായും സംയോജിപ്പിച്ച് സമഗ്രമായ ഓൺലൈൻ നിരീക്ഷണ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ബി)** റേഷൻകടകളുടെ നവീകരണത്തിന് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും കടയുടമകൾക്ക് ന്യായമായ പ്രതിഫലം ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിനും ജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 2542 റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ഐ.ഒ.സി.യുടെ ചോട്ടു

ഗ്യാസ്, എം.എസ്.എം.ഇ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷൻ ഉത്പന്നങ്ങൾ എന്നിവയ്ക്കൊപ്പം എ.ഇ.പി.എസ് മുഖേന മിനി ബാങ്കിംഗ്, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് തുടങ്ങിയ സേവനങ്ങളും കെ-സ്റ്റോറുകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ പരിശോധിച്ച് മാറ്റം വരുത്തും. റേഷൻ വ്യാപാരികളുടെ കമ്മീഷൻ/ മാർജിൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച മൂന്നംഗ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വേതനപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

**(സി)** സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അർഹമായ കേന്ദ്ര ഭക്ഷ്യധാന്യ വിഹിതം പൂർണമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട ഏജൻസികളുടെയും ശ്രദ്ധയിൽപ്പെടുത്തി അർഹതപ്പെട്ട വിഹിതം സമയബന്ധിതമായി അനുവദിക്കുന്നതിന് വ്യവസ്ഥാപിതമായ രീതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**